# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 3728** 15.05.2017 ലെ മറുപടിക്ക്

## ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ ;

(ബി) ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട എത്ര ലൈബ്രറികളാണ് കേരളത്തിൽ പ്രവർത്തിച്ചുവരുന്നത് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) 8,180 ഗ്രന്ഥശാലകളാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ 2016-ലെ ഗ്രേഡേഷനിൽ പങ്കെടുത്ത് ഗ്രാന്റിന് അർഹമായത് 5,838 ഗ്രന്ഥശാലകളാണ്. ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ലിസ്റ്റ് - 2016 - 17 | | |
|---|---|---|
| ക്രമ നം | ജില്ല | ആകെ |
| 1 | തിരുവനന്തപുരം | 536 |
| 2 | കൊല്ലം | 635 |
| 3 | പത്തനംതിട്ട | 271 |
| 4 | ആലപ്പുഴ | 286 |
| 5 | കോട്ടയം | 359 |
| 6 | ഇടുക്കി | 223 |
| 7 | എറണാകുളം | 435 |
| 8 | തൃശ്ശൂർ | 478 |
| 9 | പാലക്കാട് | 383 |
| 10 | മലപ്പുറം | 418 |
| 11 | കോഴിക്കോട് | 506 |
| 12 | വയനാട് | 189 |
| 13 | കണ്ണൂർ | 825 |
| 14 | കാസർഗോഡ് | 294 |
| | ആകെ | 5838 |

| | | | |
|---|---|---|---|
| (സി) | ലൈബ്രറികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത് ; | (സി) | ഗ്രന്ഥശാലകൾക്ക് ധനസഹായവും മറ്റ പദ്ധതികളും അനുവദിക്കുന്നത് ലൈബ്രറി കൗൺസിൽ വഴിയാണ്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് വാർഷിക ഗ്രാന്റും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട ഗ്രാന്റും പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രവർത്തന ഗ്രാന്റും നൽകി വരുന്നു. കൂടാതെ എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ലൈബ്രറികൾക്ക് ധനസഹായം അനുവദിച്ചുവരുന്നുമുണ്ട്. |
| (ഡി) | പ്രസ്തുത ലൈബ്രറികളിലെ ലൈബ്രറിയൻമാരുടെ പ്രതിഫലം എത്രയാണ് ; ഇവരുടെ ശമ്പളം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | ഗ്രേഡ് തിരിച്ചാണ് ലൈബ്രേറിയന്മാർക്ക് അലവൻസ് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എ, ബി, സി ഗ്രേഡിലുള്ള ലൈബ്രേറിയന്മാർക്ക് പ്രതിമാസം 1700/- രൂപ വീതവും ഡി, ഇ, എഫ് ഗ്രേഡിലുള്ള ലൈബ്രേറിയന്മാർക്ക് പ്രതിമാസം 1,450/- രൂപയും അനുവദിച്ചു നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ലൈബ്രേറിയൻമാരുടെ പ്രതിമാസ അലവൻസ് യഥാക്രമം 2000 രൂപയും 1,750/- രൂപയുമായി ഉയർത്തുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ 8,180 ഗ്രന്ഥശാലകൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. എല്ലാ വർഷവും ഗ്രന്ഥശാലകളുടെ പ്രവർത്തനം വിലയിരുത്തുകയും അവയുടെ ഗ്രേഡ് നിശ്ചയിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്യുന്നു. എ മുതൽ എഫ് വരെയുള്ള ഗ്രേഡ് ഗ്രന്ഥശാലകളാണ് ഉള്ളത്.
2. ലൈബ്രേറിയൻമാരുടെ അലവൻസ് അനുവദിക്കുക.
3. ഗ്രന്ഥശാലകൾക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുക.
4. ഗ്രന്ഥശാലകൾക്ക് പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുക.
5. ഗ്രന്ഥശാലകൾക്ക് പ്രവർത്തനഗ്രാന്റ് അനുവദിക്കുക.
6. ഗ്രന്ഥശാലകൾക്ക് പുനരുദ്ധാരണ ഗ്രാന്റ്, ദുരിതാശ്വാസ ഗ്രാന്റ് എന്നിവ നൽകുക.
7. താലൂക്ക്- ജില്ല ലൈബ്രറി കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക അവയക്ക് പ്രവർത്തനഗ്രാന്റും മറ്റും അനുവദിക്കുക.
8. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കുട്ടികളുടെ സ്റ്റേറ്റ് ലൈബ്രറിയുടെയും നാല് ജില്ലാ ലൈബ്രറികളുടേയും നാല് താലൂക്ക് ലൈബ്രറികളുടേയും പ്രവർത്തനം നിയന്ത്രിക്കുകയും പ്രോജക്ട് ഗ്രാന്റ് നൽകുകയും ചെയ്യുക.
9. ഗ്രന്ഥശാലകളിലൂടെ മെച്ചപ്പെട്ട ലൈബ്രറി സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ വിധം ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളും ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
10. ഗ്രന്ഥശാലാ പ്രവർത്തകർക്കും ലൈബ്രേറിയന്മാർക്കും പരിശീലനം നൽകുക.
11. ഹൈസ്ക്കൂൾ- ഹയർസെക്കന്ററി-കോളേജ് വിദ്യാർത്ഥികൾക്കായി വായന മത്സരങ്ങൾ സംഘടിപ്പിക്കുക.
12. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും താലൂക്ക് റഫറൻസ് ലൈബ്രറികൾ പ്രവർത്തിപ്പിക്കുക.
13. മികച്ച ലൈബ്രറികൾക്കും ഗ്രന്ഥശാലാ പ്രവർത്തകർക്കും പുരസ്ക്കാരങ്ങൾ നല്കുക.
14. ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന് ഗ്രന്ഥശാലകൾക്ക് ധനസഹായം നല്കുക.
15. ട്രൈബൽ ലൈബ്രറികളുടെ സ്ഥാപനത്തിനും പ്രവർത്തനത്തിനും ആവശ്യമായ സഹായം നൽകുക.
16. എല്ലാ താലൂക്കുകളിലും കരിയർ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിപ്പിക്കുക.
17. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും പരിധിയിൽ വരുന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നേതൃസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
18. 2000 ബാലവേദികളുടെ സ്ഥാപനവും വികസനവും, ബാലവേദി പ്രവർത്തകർക്ക് പ്രത്യേക ശില്പശാലകളും പരിശീലനപരിപാടികളും നാടകകളരികളും സംഘടിപ്പിക്കുക.
19. 500 വനിതാവേദി കേന്ദ്രങ്ങളുടെ സ്ഥാപനവും വികസനവും .
20. സ്ത്രീകൾക്കും വയോജനങ്ങൾക്കുമായി വീടുകളിൽ പുസ്തകം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന 1000 കേന്ദ്രങ്ങൾക്ക് സഹായവും വനിതാ ലൈബ്രേറിയൻമാർക്ക് അലവൻസും നൽകുക.
21. തെരഞ്ഞെടുത്ത ഗ്രന്ഥശാലകളിൽ ഇ-വിജ്ഞാന സേവനകേന്ദ്രങ്ങളുടെ സ്ഥാപനവും വികസനവും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും ഓരോ ഗ്രന്ഥശാലയെ സർക്കാരിന്റെ ഇൻഫർമേഷൻ സെന്ററുകളാക്കുക.
22. രാജാ റാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷന്റെ മാച്ചിംഗ്- നോൺമാച്ചിംഗ് സ്കീമുകളിലെ സഹായങ്ങൾ ഗ്രന്ഥശാലകൾക്ക് നൽകുന്നതിനുള്ള സ്റ്റേറ്റ് ഏജൻസിയായി പ്രവർത്തിക്കുക.
23. നവകേരള മിഷനുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഹരിതകേരളം പരിപാടിയുമായും എക്സൈസ് വകുപ്പിന്റെ വിമുക്തിയുമായും സഹകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ജൈവപച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിന് പരിപാടികൾ സംഘടിപ്പിക്കുക.

24. യു.പി. വിഭാഗം വിദ്യാർത്ഥികൾക്കായി എന്റെ പുസ്തകം, എന്റെ കുറിപ്പ്, എന്റെ എഴുത്തുപ്പെട്ടി പദ്ധതി വിപുലീകരിക്കുക.
25. ഗ്രന്ഥശാലകളിൽ സൗരോർജ്ജ പദ്ധതി അനർട്ടുമായി സഹകരിച്ച് നടപ്പിലാക്കുക.
26. യുവാക്കൾക്കായി ഗ്രന്ഥശാലകളിൽ യുവത സ്ഥാപിക്കുക. യുവ എഴുത്തുകാർക്കായി ക്യാമ്പുകൾ നടത്തുക.
27 ഫിലിം ക്ലബുകൾ രൂപീകരിക്കുക.
28. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിന് 1000 ഗ്രന്ഥശാലകൾ പരിപാടികൾ സംഘടിപ്പിക്കുക.
29. 14 ജില്ലകളിലും ഓരോ മോഡൽ വില്ലേജ് ലൈബ്രറികളും ഓരോ അക്കാഡമിക് സ്റ്റഡി സെന്ററുകളും സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
30. ജയിൽ -ജുവനൈൽ ഹോം ലൈബ്രറി സർവ്വീസുകൾ കാര്യക്ഷമമാക്കുക.
31. ഹോസ്പിറ്റൽ ലൈബ്രറി സർവ്വീസും ഓർഫനേജ് ലൈബ്രറി സർവ്വീസും കാര്യക്ഷമമാക്കുക.
32. മുതിർന്ന പൗരന്മാർക്കുള്ള ഹെർമിറ്റേജ് ലൈബ്രറികളും ഗുരുസംഗമകേന്ദ്രങ്ങളും സജീവമാക്കുക.
33. ഗ്രന്ഥശാലകളുടെ നവീകരണത്തിന് പദ്ധതികൾ തയ്യാറാക്കുക. ജില്ലാ വികസന പദ്ധതികൾ നടപ്പിലാക്കുക.
34. കുട്ടികളുടെ സ്റ്റേറ്റ് ലൈബ്രറികളും സ്റ്റേറ്റ് ലൈബ്രറികളുടെ സ്ഥാപനവും വികസനവും. സംസ്ഥാനത്തെ ലൈബ്രറി സിസ്റ്റത്തിന്റെ ഘട്ടംഘട്ടമായുള്ള സ്ഥാപനവും വികസനവും.
35. ലൈബ്രറി സെസ്സ് തദ്ദേശസ്വയംഭരണങ്ങളിൽ നിന്ന് ശേഖരിക്കുകയും അതനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ തയ്യാറാക്കുകയും ചെയ്യുക.
36. ഗ്രന്ഥാലോകം മാസികയുടെ പ്രസിദ്ധീകരണം.
37. സർഗ്ഗോത്സവവും, സാംസ്കാരികോത്സവവും സംഘടിപ്പിക്കുക.

(signature) സെക്രട്ടറി